ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 151-ാം ദിവസം

കൃമി വിഡ് ഭസ്മസം ജ്ഞാ*ff*സീദ്യസ്യേശാഭിഹിതസ്യച
ഭൂതധ്രുക് തത്കൃതേ സ്വാർത്ഥം കിം വേദ നിരയോ യത: (6-18-25)
വിലോക്യൈകാന്തഭൂതാനി ഭ്രതാന്യാദൌ പ്രജാപതി:
സ്ത്രിയം ചക്രേ സ്വദേഹാർദ്ധം യയാ പുംസാം മതിർഹൃതാ (6-18-30)

ശുകമുനി തുടർന്നു: കശ്യപഭാര്യയായ ദിതിക്ക് ഹിരണ്യാക്ഷനെന്നും ഹിരണ്യകശിപുവെന്നും പേരായ രണ്ടു മക്കളുണ്ടായ കാര്യം ഞാൻ നേരത്തെ പറഞ്ഞു. രണ്ടുപേരും വിഷ്ണുവിനാൽ കൊല്ലപ്പെട്ടു. ഇന്ദ്രസുഹൃത്താണല്ലോ വിഷ്ണു. അതുകൊണ്ട് ദിതിക്ക് ഇന്ദ്രനോട് ദ്വേഷ്യം തോന്നി. ദിതി ആലോചിച്ചു. "തൻെറ ശരീരം അനശ്വരമാണെന്ന് ഇന്ദ്രൻ കരുതുന്നുവല്ലൊ. കഷ്ടം തന്നെ. അതുകൊണ്ട് തനിക്ക് ശത്രുതയുള്ളവരെയെല്ലാം കൊന്നുകളയുകയാണല്ലൊ അയാൾ ചെയ്യുന്നത്. എന്നാൽ ഈ ദേഹം കൃമികീടങ്ങൾ നിറഞ്ഞതും, ചാരമാവേണ്ടതും, മാലിന്യം നിറഞ്ഞതുമാണെന്ന് അയാൾ മനസിലാക്കുന്നുണ്ടോ? ഇന്ദ്രനെ നിഗ്രഹിക്കാൻ കഴിവുള്ള ഒരു പുത്രനെ എനിക്കു പ്രസവിക്കണം." ഇങ്ങിനെ തീരുമാനിച്ച് തൻെറ ഭർത്താവായ കശ്യപൻെറ സ്നേഹം പിടിച്ചു പറ്റാൻ ദിതി ശ്രമിച്ചു. സ്നേഹപ്രകടനത്താൽ മോഹിതനായ കശ്യപൻ അവൾ ആവശ്യപ്പെട്ട വരം നൽകി. കശ്യപൻ മുനിയായിരുട്ടു കൂടി ഇതിൽ അതിശയമൊന്നുമില്ല. "സൃഷ്ടി കർത്താവ്, തൻെറ ആദ്യസൃഷ്ടികൾക്ക് പുനരുൽപ്പാദനത്തിന് താൽപ്പര്യമൊന്നും കാണായ്കയാൽ സ്വയം തൽപ്പകുതിയെ സ്ത്രീയാക്കി മാറ്റി. അവർ പുരുഷൻെറ വിവേകം കവർന്നെടുക്കുകയും ചെയ്തു." കശ്യപൻ തൻെറ ഭാര്യയുടെ ഭർത്തൃഭക്തിയേയും സ്നേഹത്തേയും പുകഴ്ത്തി. ഒരു ഭാര്യക്ക് തൻെറ ഭർത്താവ് ഭഗവൽത്തുല്യനത്രെ. അപ്പോൾ ദിതി തൻെറ മനസ്സിലെ ആഗ്രഹം വെളിപ്പെടുത്തി. "ഇന്ദ്രനിഗ്രഹം ചെയ്യാൻ കഴിവുള്ള ഒരു പുത്രനെ വേണം." അധാർമ്മികമായ ആഗ്രഹം കേട്ട് കശ്യപന് ദു:ഖം തോന്നി. അദ്ദേഹം ആലോചിച്ചു. "ഒരു സ്ത്രീയുടെ മുഖം സുന്ദരവും സ്വരം മധുരതരവുമാണെങ്കിലും ഹൃദയം വാൾത്തലപോലെ മൂർച്ചയേറിയതാണ്. ഒരു സ്ത്രീക്ക് പ്രിയപ്പെട്ടതായി ആരുമില്ല. സ്വന്തം ആഗ്രഹനിവൃത്തിക്കായി അവൾ ഭർത്താവിനേയൊ, മകനേയൊ, സഹോദരനേയൊ കൊല്ലാൻ മടിക്കുകയില്ല." എങ്കിലും പ്രതിജ്ഞാലംഘനം നടക്കാതിരിക്കാൻ കശ്യപൻ ചില നിബന്ധനകൾ വെച്ചു. അവളാഗ്രഹിച്ചപോലൊരു പുത്രൻ ജനിക്കണമെങ്കിൽ ഒരു കൊല്ലം 'പുംസവനം' എന്ന വ്രതം ആചരിക്കണം. ഈ വ്രതമനുസരിച്ച് ഒരുവൾ തികഞ്ഞ പരിശുദ്ധിയിൽ തൻെറ ശരീരവും ചുറ്റുപാടുകളും സൂക്ഷിക്കണം. വസ്ത്രം, ആഹാരം, പാനീയങ്ങൾ, ഭക്ഷണക്രമം, ഉറക്കം ഇവക്കെല്ലാം നിബന്ധനകളുണ്ട്. ഭക്ഷണശേഷം വായിൽ ഭക്ഷണാംശമൊന്നുമില്ലെന്നുറപ്പുവരുത്തി വായ ശുദ്ധമാക്കണം. സൂര്യോദയത്തിലും അസ്തമയത്തിലും ഉറക്കമരുത്. തല വടക്കോട്ടോ പടിഞ്ഞാട്ടോ വച്ച് കിടക്കുകയുമരുത്. ദിവസവും പശു, ബ്രാഹ്മണൻ, മഹാലക്ഷ്മി, മഹാവിഷ്ണു എന്നിവരേയും ഭർത്തൃമതികളായ സ്ത്രീകളെയും പൂജിക്കണം. ദിതി ആചാരപ്രകാരം വ്രതമനുഷ്ഠിക്കാൻ തുടങ്ങി.

ഇന്ദ്രൻ വിവരമറിഞ്ഞ് ആകുലനായി. അയാൾ കപടവേഷത്തിൽ ദിതിയുടെ പരിചാരകനായി കൂടി വ്രതം മുടക്കാൻ ശ്രമിച്ചു. ഒരു കൊല്ലമവസാനിക്കാറായപ്പോൾ ഒരു ദിവസം ശ്രദ്ധക്കുറവുകൊണ്ട് സന്ധ്യാസമയത്ത് ദിതി ഉറങ്ങിപ്പോയി. വായിൽ അൽപ്പം ഭക്ഷണാംശവും ഉണ്ടായിരുന്നു. ഇന്ദ്രൻ പെട്ടെന്ന് അവളുടെ ഉള്ളിൽ പ്രവേശിച്ച് ഉദരത്തിലെ ശിശുവിനെ തൻെറ വജ്രായുധത്താൽ നാൽപ്പത്തിയൊൻപതു കഷണങ്ങളാക്കി. ഒരോ മുറിക്കലിലും 'മാരുത'-കരയരുതേ എന്ന അപേക്ഷയോടെയാണ് ഇന്ദ്രനതു ചെയ്തത്. ഭഗവൽക്കാരുണ്യത്താൽ എല്ലാവരുടേയും ജീവൻ നിലനിന്നു. ദിതിയുടെ ഒരു കൊല്ലക്കാലത്തെ പ്രാർത്ഥനയുടേയും ഭക്തിയുടേയും ഫലമായാണ് ഗർഭശിശുക്കൾ മരിക്കാതിരിക്കുന്നത്. ഉണർന്നപ്പോൾ ഇന്ദ്രനെയും നാൽപ്പത്തിയൊൻപതു ശിശുക്കളേയും കണ്ട ദിതിക്ക് ഭഗവൽഭക്തിയും വ്രതവും കാരണം ഉള്ളിലെ വെറുപ്പ് തീരെ പോയിരുന്നു. ഇന്ദ്രനോടു ചോദിച്ചപ്പോൾ താനാണിതിന് കാരണക്കാരനെന്നും മാപ്പു തരണമെന്നും അയാളഭ്യർത്ഥിച്ചു. പിന്നീട് നാൽപ്പത്തിയൊൻപത് മരുത്തുകളുടെ (വായുദേവന്മാർ)അകമ്പടിയോടെ ഇന്ദ്രൻ സ്വർഗ്ഗത്തിലേയ്ക്കു പോയി. 'മാരുത' എന്ന് ഇന്ദ്രൻ അവരോട് പറഞ്ഞതിനാലാണ് അവർക്ക് 'മരുത്തുക്കൾ' എന്നു പേർ വന്നത്.